## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2492** **27-02-2023 - ൽ മറുപടിയ്ക്ക്**

## മെഗാ സി-ഫുഡ് പാർക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ സംസ്കരണ രംഗത്ത് കെ.എസ്.ഐ.ഡി.സി. മുഖാന്തിരം നടപ്പാക്കാൻ തീരുമാനിച്ച മെഗാ സീ-ഫുഡ് പാർക്കിന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വ്യവസായിക അടിസ്ഥാനത്തിൽ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി-യുടെ വ്യവസായ പാർക്കിൽ 84.03 ഏക്കറിൽ മെഗാ ഫുഡ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യം വികസിപ്പിച്ച് വ്യവസായ പ്ലോട്ടുകൾ നൽകിക്കൊണ്ട് സമുദ്രോത്പന്ന ഭക്ഷ്യ മേഖലയിലെ വ്യവസായങ്ങളുടെ വികസനമാണ് ഇവിടെ ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | ഈ പാർക്കിൽ എത്ര കമ്പനികൾക്ക് ഭൂമി അനുവദിക്കാൻ കഴിയുമെന്നും ഇതിനോടകം എത്ര കമ്പനികൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | മെഗാ ഫുഡ് പാർക്കിൽ അടിസ്ഥാന സൗകര്യം വികസിപ്പിച്ച മുഴുവൻ ഭൂമിയും ഇതിനകം 31 യൂണിറ്റുകൾക്കായി അനുവദിച്ചിട്ടുണ്ട് |
| (സി) | സമുദ്ര വിഭവങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളിൽ എന്തൊക്കെയാണ് ഇവിടെ ഉല്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി-യുടെ വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് വ്യവസായ പ്ലോട്ടുകൾ യൂണിറ്റുകൾക്ക് നൽകുകയാണ് ചെയ്യുന്നത്. മെഗാ ഫുഡ് പാർക്കിന്റെ ഒന്നാം ഘട്ടമായ 68 ഏക്കറിൽ റോഡ്, മഴവെള്ള നിർമാർജന ഓടകൾ, ജലവിതരണ സംവിധാനം, ചുറ്റുമതിൽ, ഗേറ്റ്, സെക്യൂരിറ്റി ക്യാബിൻ മുതലായ അടിസ്ഥാന സൗകര്യങ്ങളും, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, കോമൺ ഫെസിലിറ്റി സെന്റർ, വെയർ ഹൗസ് ഉൾപ്പെടെയുള്ള പ്രോസസ്സിംഗ് ഫസിലിറ്റികളുടെയും നിർമ്മാണം നിലവിൽ പൂർത്തിയായിട്ടുണ്ട്. മലിനജല സംസ്കരണ ശാലയും, കോൾഡ് സ്റ്റോർ, ഡീഫ്രീസർ, ഡിബോണിങ് യൂണിറ്റ് എന്നിവയും പ്രവർത്തന സജ്ജമാണ്. |
| (ഡി) | ഈ സംരംഭവുമായി ബന്ധപ്പെട്ട എത്ര പേർക്ക് പുതിയതായി തൊഴിൽ സൃഷ്ടിക്കാൻ കഴിയുമെന്ന് | (ഡി) | മെഗാ ഫുഡ് പാർക്കിൽ അനുവദിച്ച മുഴുവൻ സംരംഭങ്ങളും പൂർണ തോതിലുള്ള വാണിജ്യ |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | പ്രവർത്തനം ആരംഭിക്കുക വഴി 3000-ത്തിൽ പരം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ ഫുഡ് പാർക്കുമായി ബന്ധപ്പെട്ട് പരോക്ഷമായും വലിയ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ